കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനാറാം സമ്മേളനം

2001 മാർച്ച് 1, വ്യാഴം

വാല്യം: 113] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 2001 മാർച്ച് മാസം 1-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ...ഓർഡർ... ചോദ്യം നമ്പർ *179

ചൈനീസ് സഹായത്തോടെ നടപ്പാക്കുന്ന ജലവൈദ്യുത പദ്ധതികൾ

1 (*179) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. സി. കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചൈനീസ് സഹായത്തോടെ ആരംഭിക്കാൻ ഉദ്ദേശിച്ച ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഏതുഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുന്നത് സംബന്ധിച്ച് ചൈനീസ് ഗവൺമെന്റുമായി കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ചൈനീസ് ഗവൺമെന്റിന്റെ സഹായത്തോടെ സംസ്ഥാനത്ത് ആരംഭിക്കാനുദ്ദേശിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് സ്വകാര്യ ഏജൻസികളും തദ്ദേശഭരണ സ്ഥാപനങ്ങളും ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏറ്റെടുത്ത് നടത്തി വരുന്നുണ്ടോ ;

(ഇ) എങ്കിൽ ഏതൊക്കെ ചെറുകിട ജലവൈദ്യുത പദ്ധതികൾ എന്ന് വ്യക്തമാക്കാമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ,

(എ) സംസ്ഥാനത്ത് 18 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിനുള്ള സാങ്കേതിക സഹായത്തിനായി അന്തർദേശീയ സ്ഥാപനമായ ചൈനയിലെ എച്ച്ഐ.സി/ഐ.എൻ.എസ്.എച്ച്.പി.-യുമായി കരാർ ഒപ്പ് വച്ചിട്ടുണ്ട്. അവയിൽ നാലെണ്ണം പൈലറ്റ് പദ്ധതികളായി നടപ്പിലാക്കി വരുന്നു. അവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. **ചെംപുക്കടവ് സ്റ്റേജ് - I (2.7 മെ.വാ)**

വർക്ക് അവാർഡ് ചെയ്ത് പ്രാരംഭപ്രവർത്തനം 1-7-2000-ൽ ആരംഭിച്ചു. പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പവർഹൗസ് എസ്കവേഷൻ 89 ശതമാനം, ടെയിൽറേസിന്റെ എസ്കവേഷൻ 29 ശതമാനം, സ്വിച്ച്യാർഡ് എസ്കവേഷനും ലെവലിംഗും 96 ശതമാനം, ഫോർസേ എസ്കവേഷൻ 96 ശതമാനം, പവർ ചാനൽ എസ്കവേഷൻ 18 ശതമാനം, ഡൈവേർഷൻ സ്ട്രക്ചറിന്റെ എസ്കവേഷൻ 12 ശതമാനം എന്നിവ പൂർത്തിയായി പെൻസ്റ്റോക്കിനാവശ്യമായ സ്റ്റീൽ പ്ലേറ്റുകൾ വാങ്ങുന്നതിന് മെ.സെയിലിന് പർചെയിസ് ഓർഡർ കൊടുത്തിട്ടുണ്ട്.

2. **ചെംപുക്കടവ് സ്റ്റേജ് - II (3.75 മെ.വാ)**

സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായി. സിവിൽ വർക്കുകൾക്കുള്ള ടെൻഡർ വിളിച്ചു. ടെൻഡറുകൾ സൂക്ഷ്മ പരിശോധനയിലാണ്. വർക്ക് അവാർഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

3. **ഉറുമി സ്റ്റേജ് - I (3.75 മെ.വാ)**

സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായി. സിവിൽ വർക്കുകൾക്കുള്ള ടെൻഡർ വിളിച്ചു. ടെൻഡറുകൾ സൂക്ഷ്മ പരിശോധനയിലാണ്. വർക്ക് അവാർഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4. **ഉറുമി സ്റ്റേജ് - II (2.4 മെ.വാ)**

സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായി വരുന്നു. സിവിൽ വർക്കുകൾക്കുള്ള ടെൻഡർ വിളിച്ചിട്ടുണ്ട്. മറ്റുള്ള 14 പദ്ധതികൾക്കായുള്ള എഞ്ചിനീയറിംഗ് ഡിസൈനും ഓൺസൈറ്റ് കൺസൽസൽട്ടേഷനുമായുള്ള കരാർ ഏപ്രിൽ 2000-ൽ ഒപ്പ് വച്ചു. ഡിസൈനുകളുടെ പണി

LIBRARY ARCHIVES Kerala Legislative Assembly

ചൈനയിൽ നടന്നുവരുന്നു. ഓൺസൈറ്റ് കൺസൽട്ടൻസിക്കായി ചൈനയിൽ നിന്നും 4 വിദഗ്ദ്ധർ ഡിസംബർ മാസം അവസാനം മുതൽ പദ്ധതിപ്രദേശത്ത് എത്തി സിവിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി നിരീക്ഷിച്ചു വരുന്നു.

(ബി) ചൈനീസ് ഗവൺമെന്റ് അംഗീകൃത യു.എൻ. പിന്തുണയുള്ള ഏജൻസിയായ അന്തർദേശീയ സംഘടനയായ എച്ച്.ഐ.സി./ഐ.എൻ.എസ്.എച്ച്.പി.യുമായ 4 പൈലറ്റ് പദ്ധതികൾക്കുള്ള യന്ത്രസാമഗ്രികൾ വാങ്ങുന്നതും സ്ഥാപിക്കുന്നതും സംബന്ധിച്ച് 3-4-2000-ൽ കരാർ ഒപ്പുവച്ചു. അവയ്ക്ക് എല്ലാം കൂടി ആകെ തുക (കോൺട്രാക്ട് പ്രൈസ്) 42,63,000 യു.എസ്. ഡോളർ ആണ്.

(സി) ചൈനീസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് 18 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ തീരുമാനിക്കുകയും അവയിൽ 4 എണ്ണം പൈലറ്റ് പദ്ധതികളായി തിരഞ്ഞെടുത്ത് അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ച് വരുകയും ചെയ്യുന്നു. നിർമ്മാണപ്രവർത്തനങ്ങൾക്ക് കൺസ്ട്രക്ഷൻ പ്രോഗ്രാം തയ്യാറാക്കി സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചൈനീസ് വിദഗ്ദ്ധരുടെ പദ്ധതി പ്രദേശത്തെ നേരിട്ടുള്ള സഹകരണം സമയബന്ധിതമായ പുരോഗതിക്ക് സഹായകമാണ്. പണി ആരംഭിച്ച് 18 മാസം കൊണ്ട് പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

(ഡി) ഉണ്ട്.

(ഇ) സ്വകാര്യ ഏജൻസി ഏറ്റെടുത്ത് പണി പൂർത്തിയാക്കിയ പദ്ധതിയാണ് മണിയാർ. കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ് എന്ന കമ്പനിയാണ് പ്രസ്തുത പദ്ധതി പൂർത്തിയാക്കിയത്. സ്വകാര്യ ഏജൻസികൾ മുഖേന പണി നടത്തുന്ന മറ്റു പദ്ധതികൾ താഴെ പറയുന്നവയാണ്.

1. കുത്തുങ്കൽ - 21 മെ.വാ. (മെസേഴ്സ് ഇൻഡ്സിൽ ഇലക്ട്രോസ് മെൽറ്റ്സ് ലിമിറ്റഡ്, കോയമ്പത്തൂർ)
2. ഭൂതത്താൻകെട്ട് - 16 മെ.വാ. (മെസ്സേഴ്സ് സിൽക്കാൾ മെറ്റലർജിക് ലിമിറ്റഡ്, കോയമ്പത്തൂർ)
3. ഉള്ളുങ്കൽ - 7 മെ.വാ. (മെസ്സേഴ്സ് ടെസിൽ കെമിക്കൽസ് ആന്റ് ഹൈഡ്രോ പവർ ലിമിറ്റഡ്, ചിങ്ങവനം)
4. കാരിക്കയം - 15 മെ.വാ. (മെസ്സേഴ്സ് ടെസിൽ കെമിക്കൽസ് ആന്റ് ഹൈഡ്രോ പവർ ലിമിറ്റഡ്, ചിങ്ങവനം)

ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കല്ലാർ 500 കി.വാ. (ഇടുക്കി ജില്ല)
2. അരിപ്പാറ 3 മെ.വാ. (കോഴിക്കോട് ജില്ല)

LIBRARY ARCHIVES Kerala Legislative Assembly

3. കലങ്കി 1 മെ.വാ. (കണ്ണൂർ ജില്ല)
4. മീൻവള്ളം 2 മെ.വാ. (പാലക്കാട് ജില്ല)
5. അടിയൻപാറ 2.5 മെ.വാ. (മലപ്പുറം ജില്ല)

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, സംസ്ഥാനത്ത് ചൈനീസ് സഹായത്തോടുകൂടി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഏതൊക്കെ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണമാണ് ഇപ്പോൾ നടന്നു വരുന്നതെന്നു വ്യക്തമാക്കുമോ ?

ശ്രീ. എസ്. ശർമ്മ : സർ, ഇപ്പോൾ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ കാര്യം പ്രധാന ചോദ്യത്തിലെ (എ)-യ്ക്ക് ഉത്തരമായി വിശദീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, ഓരോ ജലവൈദ്യുത പദ്ധതികളുടേയും നിർമ്മാണ പ്രവർത്തനം ഏതൊക്കെ ഘട്ടം വരെയായി എന്നു വ്യക്തമാക്കുമോ ?

ശ്രീ. എസ്. ശർമ്മ : സർ, അതും പ്രധാന ചോദ്യത്തിന്റെ മറുപടിയിൽ വിശദീകരിച്ചു കഴിഞ്ഞിട്ടുള്ളതാണ്.

ശ്രീ. എ. അലി ഹസ്സൻ : സർ, ചൈനീസ് സഹായത്തോടുകൂടി ജലവൈദ്യുത രംഗത്ത് വൻകിട പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കാൻ ശ്രമിക്കുന്നുണ്ടോ ? അതിനു നടപടി സ്വീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ : സർ, ചില സാദ്ധ്യതകൾ ആരായാവുന്നതാണ്.

ശ്രീ. എ. അലി ഹസ്സൻ : സർ, വൈദ്യുതോല്പാദനവും വിതരണവും മെച്ചമാക്കിക്കൊണ്ടിരിക്കുന്ന ഇപ്പോഴത്തെ ചുറ്റുപാടിൽ വൈദ്യുതോല്പാദനത്തിന് സഹകരണ പ്രസ്ഥാനത്തിന്റെ സഹകരണംകൂടി നേടുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ : സർ, വൈദ്യുതോല്പാദന രംഗത്ത് ഏതൊരു പ്രസ്ഥാനത്തിന്റേയും സഹായം തേടുന്നതിന് ഗവൺമെന്റ് സന്നദ്ധമാണ്.

ശ്രീ. എം. വി. ജയരാജൻ : സർ, ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിക്കു കീഴിൽ വേവ എനർജി ഗ്രൂപ്പിന്റെ സാങ്കേതിക സഹായത്തോടുകൂടി തിരമാലകളിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കാൻവേണ്ട ഗവേഷണ പദ്ധതി വിഴിഞ്ഞത്ത് ആരംഭിച്ചിരിക്കുകയാണ്. അതിന്റെ പുരോഗതി വ്യക്തമാക്കുമോ ; കടൽവെള്ളമുപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്ന കാര്യം ചൈനീസ് സാങ്കേതിക സഹായത്തോടുകൂടി നടപ്പിലാക്കാൻ കഴിയുമെന്ന് ഗവൺമെന്റ് കണക്കാക്കുന്നുണ്ടോ ?

ശ്രീ. എസ്. ശർമ്മ : സർ, തിരമാലകളിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്ന ടെക്നോളജിയുടെ ഭാഗമാണോയെന്നത് ഗവൺമെന്റിന്റെ പരിഗണനയിൽ വന്നിട്ടുള്ള പ്രശ്നമല്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പ്രശ്നം പാരമ്പര്യേതര ഊർജ്ജ വിഭാഗത്തിന്റെ ഭാഗമായി അനർട്ട് ആണ് കൈകാര്യം ചെയ്യുന്നത്. ഏതു സോഴ്സിൽനിന്നാണെങ്കിലും ചെലവു കുറഞ്ഞ വൈദ്യുതോല്പാദനത്തിന് പ്രോൽസാഹനജനകമായ നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ച് കൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : സർ, ഇന്നലെ കേന്ദ്രഗവൺമെന്റിന്റെ ബഡ്ജറ്റ് പാർലമെന്റിൽ അവതരിപ്പിക്കുകയുണ്ടായി. അതിൽ വ്യക്തമാക്കുന്ന ഒരുകാര്യം, പത്രത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള കാര്യം, നിർദ്ദിഷ്ട വൈദ്യുതി ബിൽ ഈ പാർലമെന്റിൽ തന്നെ കൊണ്ടുവരുമെന്നതാണ്. ഇത് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഉൾപ്പെടെയുള്ള എല്ലാ സംസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന വൈദ്യുതി ബോർഡുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്ന ഒന്നാണ്. ജനകീയ നയങ്ങൾ നടപ്പിലാക്കുക എന്ന സമ്പ്രദായത്തിനുപകരം സംസ്ഥാനങ്ങൾ വില നൽകണമെന്ന കാഴ്ചപ്പാടോടുകൂടി, ഉപഭോക്താക്കൾ വൈദ്യുതിക്ക് വില നൽകണം എന്ന സമ്പ്രദായത്തിലേക്ക് വൈദ്യുത മേഖലയെ കൊണ്ടു പോകുന്നതാണ് ഈ ബിൽ. അതുകൊണ്ട് ഈ ബില്ലിനെതിരെ കേരള ഗവൺമെന്റിന്റെ നേതൃത്വത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എസ്. ശർമ്മ : സർ, കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ പാർലമെന്റിൽ അവതരിപ്പിക്കുമെന്നു പറഞ്ഞിട്ടുള്ള ബില്ലിനെ സംബന്ധിച്ച് സംസ്ഥാന മന്ത്രിസഭ തന്നെ വിശദമായി ചർച്ച നടത്തിയശേഷം ആ ബില്ലിനോടുള്ള എതിർപ്പ് കേന്ദ്രഗവൺമെന്റിനെ അറിയിച്ചു കഴിഞ്ഞിട്ടുണ്ട്. രണ്ടുമൂന്നു കാരണങ്ങളാൽ ഈ ബിൽ രാജ്യത്തിന് അപകടകരമായിരിക്കും. 1948-ലെ സപ്ലൈ ആക്ട് അനുസരിച്ചാണ് ഇൻഡ്യയിലെ മുഴുവൻ ഇലക്ട്രിസിറ്റി ബോർഡുകളും പ്രവർത്തിച്ചുവരുന്നത്. ഇലക്ട്രിസിറ്റി ആകട്ടെ ഭരണഘടനാപരമായി കൺകറന്റ് ലിസ്റ്റിൽപ്പെട്ടതാണ്. കൺകറന്റ് ലിസ്റ്റിൽപ്പെട്ട ഒരു സബ്ജക്ടിന്റെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റുകളുടെകൂടി സമ്മതമില്ലാതെ, അവരോടുകൂടി ആലോചിക്കാതെ ഇപ്രകാരം ഒരു നീക്കം കേന്ദ്രഗവൺമെന്റ് നടത്തുന്നത് സംസ്ഥാനങ്ങളുടെ അധികാരത്തിന് മുകളിലുള്ള കയ്യേറ്റമായിട്ടാണ് ഗവൺമെന്റ് കണക്കാക്കുന്നത്. കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെ ദോഷകരമായി ബാധിക്കുന്നതും ഭരണഘടനാ വിരുദ്ധവും ഇലക്ട്രിസിറ്റി മേഖലയെ സ്വകാര്യമേഖലയ്ക്ക് തീറെഴുതിക്കൊടുക്കാനുള്ള ഒരു ആപൽക്കരമായ നീക്കവുമായിട്ടാണ് ഈ ബില്ലിനെ സംസ്ഥാന ഗവൺമെന്റ് നോക്കിക്കാണുന്നത്. ഇതിനോട് നയപരമായ കേരള ഗവൺമെന്റിന്റെ വിയോജിപ്പ് ശക്തമായിത്തന്നെ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. സി. കെ. രാജേന്ദ്രൻ : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് സാങ്കേതിക സഹായങ്ങൾ ഉൾപ്പെടെ എന്തെല്ലാം സഹായങ്ങളാണ് ഗവൺമെന്റ് നൽകി വരുന്നതെന്ന് വിശദീകരിക്കാമോ ?

ശ്രീ. എസ്. ശർമ്മ : പാലക്കാട് ജില്ലാ പഞ്ചായത്ത്, കോഴിക്കോട് ജില്ലാ പഞ്ചായത്ത്, ഇടുക്കി ജില്ലാ പഞ്ചായത്ത് തുടങ്ങിയുള്ള ജില്ലാ പഞ്ചായത്തുകൾ മുൻകൈയെടുത്തുകൊണ്ട് അവരുടെ ഫണ്ട് ഡെപ്പോസിറ്റ് ചെയ്ത് ബോർഡ് നിശ്ചയിച്ചു കൊടുക്കുന്ന ഏരിയയിൽ വൈദ്യുതി ഉൽപ്പാദനത്തിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഉൽപ്പാദനത്തിന് ആവശ്യമായി

വരുന്ന സാങ്കേതിക സഹായങ്ങളും മേൽനോട്ടവും വൈദ്യുതി ബോർഡിന്റെ ഭാഗത്തു നിന്നും ചെയ്തുകൊടുക്കുന്നുണ്ട്. ഇതിനു മുന്നോട്ടു വരുന്ന ഏതൊരു സ്വയംഭരണ സ്ഥാപനത്തിന്റേയും സംരംഭത്തെ പ്രോൽസാഹിപ്പിക്കുകയും സംസ്ഥാനത്തിന് പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. സി. കെ. രാജേന്ദ്രൻ : ഈ രംഗത്ത് കുറേ സ്വകാര്യകമ്പനികൾ മുന്നോട്ടു വന്നതിന്റെ വിവരങ്ങൾ ബഹുമാന്യനായ മന്ത്രി വിശദീകരിക്കുകയുണ്ടായി. നിരവധി ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഇൻവെസ്റ്റിഗേഷനൊക്കെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ തെണ്ടില്ലം വൈദ്യുത പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടന്നു. 5 കോടി രൂപയുടെ എസ്റ്റിമേറ്റൊക്കെ തയ്യാറാക്കിയതാണ്. സ്വകാര്യ കമ്പനികൾ മുന്നോട്ടു വരാത്ത ഇത്തരം പ്രദേശങ്ങളിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വതന്ത്രമായി ഇതേറ്റെടുത്തു നടത്താൻ ഫണ്ടില്ലാത്ത സ്ഥലങ്ങളിൽ അവ ഏറ്റെടുത്ത് നടത്തുന്നതിന് ഗവൺമെന്റ് തന്നെ മുൻകൈയെടുക്കുമോ ?

ശ്രീ. എസ്. ശർമ്മ : സംസ്ഥാനത്തുള്ള എല്ലാ ജലസ്രോതസ്സുകളും പരമാവധി പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി-ചെറുകിട ജലസേചന പദ്ധതികൾക്കുള്ള ഇന്നത്തെ സാഹചര്യം വച്ചു നോക്കുമ്പോൾ വൻകിട ജലവൈദ്യുത പദ്ധതികൾക്കുള്ള അംഗീകാരം (സൈലന്റ് വാലിയുടെ കാര്യത്തിലായാലും പൂയംകുട്ടിയുടെ കാര്യത്തിലായാലും കുരിയാർകുട്ടി കാരപ്പാറയുടെ കാര്യത്തിലായാലും) കേന്ദ്ര ക്ലിയറൻസിനുവേണ്ടി കാത്ത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന, ചിലത് നഷ്ടപ്പെട്ടു പോയതുമായ സാഹചര്യത്തിൽ-കേരളത്തിന്റെ ഊർജ്ജാവശ്യം നിറവേറ്റുന്നതിനും വിലകുറഞ്ഞ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനും ചെറുകിട ജലവൈദ്യുത പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്താൻ വരും വർഷങ്ങളിൽ ആയിരം മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ചെറുകിട ജലവൈദ്യുത പദ്ധതികൾ തെരഞ്ഞെടുക്കുന്നതിന് ഒരു സ്പെഷ്യൽ ടീമിനെ വൈദ്യുതി ബോർഡിൽ നിയോഗിച്ചുകൊണ്ടുള്ള ഇൻവെസ്റ്റിഗേഷൻ നടന്നു വരുകയാണ്.

ശ്രീ. ജി. കാർത്തികേയൻ : സർ, ചൈനീസ് സഹായത്തോടെ നടപ്പിലാക്കുന്ന ജലവൈദ്യുത പദ്ധതികളാണ് ചോദ്യം. പക്ഷേ, ഒരു ഉപചോദ്യത്തിന് മറുപടി പറഞ്ഞതുമായി ക്ലബ്ബ് ചെയ്തുകൊണ്ടാണ് ചോദിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ച ഇലക്ട്രിസിറ്റി ബിൽ 2000 നിയമമായി വരുമ്പോൾ ഉണ്ടാകുന്ന അപകടങ്ങൾ ഇൻഡ്യയിലെ ജനങ്ങൾ മുഴുവൻ മനസ്സിലാക്കിയിട്ടുണ്ട്. കേരള ഗവൺമെന്റും അതിനെതിരാണ്. പ്രധാനപ്പെട്ട രാഷ്ട്രീയ പ്രസ്ഥാനങ്ങളെല്ലാം പാർലമെന്റിനകത്തും പുറത്തും അതിനെതിരെ ശബ്ദമുയർത്തുകയുണ്ടായി. ചൈനീസ് സഹായത്തോടെ നടപ്പിലാക്കുന്ന ജലവൈദ്യുത പദ്ധതികളെപ്പോലും ബാധിക്കുന്ന തരത്തിൽ ആ നിയമത്തിന്റെ നീരാളിപ്പിടുത്തം വരും. ഇലക്ട്രിസിറ്റി ബിൽ 2000-ത്തെ എല്ലാവരും ശക്തമായി എതിർത്തു. അതിനോടുള്ള എതിർപ്പ് കേരളത്തിലെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഒരുമിച്ച് പ്രകടിപ്പിച്ചു. എല്ലാം ചെയ്തു. പത്രത്തിൽ വന്ന വാർത്ത ശരിയാണെങ്കിൽ കേരളാ ഗവൺമെന്റ് ക്യാബിനറ്റിൽ ഡിസ്ക്കസ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു. അങ്ങയുടെ നിലപാട് പുറത്തുവന്നു. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ അഭിപ്രായം പറഞ്ഞു. എങ്കിലും ഇലക്ട്രിസിറ്റി ബിൽ 2000-ത്തോടുള്ള കേരളാ ഗവൺമെന്റിന്റെ വിയോജിപ്പ് രേഖാമൂലം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചില്ല എന്നുള്ള കേന്ദ്ര മന്ത്രിയുടെ പ്രസ്താവന പത്രങ്ങളിൽ വന്നു കണ്ടു. അത് ശരിയാണോ ? ശരിയാണെങ്കിൽ കേരളാ ഗവൺമെന്റ് അതിനോടുള്ള വിയോജിപ്പ് രേഖാമൂലം കേന്ദ്രഗവൺമെന്റിനെ അറിയിക്കാൻ തയ്യാറാകുമോ ?

ശ്രീ. എസ്. ശർമ്മ : രേഖാപരമായിട്ടു തന്നെ രണ്ടു ഘട്ടങ്ങളിൽ അറിയിച്ചിട്ടുണ്ട്. ഡൽഹിയിൽ പ്രധാനമന്ത്രിയും ഊർജ്ജ മന്ത്രിയും ധനമന്ത്രിയും കൂടി വിളിച്ചു ചേർത്ത കോൺഫറൻസിൽ സീറ്റിൽ ഇരുന്ന സമയത്താണ് ഒരാൾപ്പൊക്കമുള്ള ബിൽ അവിടെക്കൊണ്ടു വരുന്നത്. അപ്പോൾത്തന്നെ അവിടെ ഉണ്ടായിരുന്ന ഉദ്യോഗസ്ഥന്മാരുമായി ഈ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തതിനുശേഷം ഔദ്യോഗികമായിട്ടു തന്നെ രേഖാപരമായി ഓപ്പണായിട്ട് സംസാരിക്കുകയും ഡിസന്റ് അവിടത്തന്നെ സർക്കുലേറ്റ് ചെയ്യുകയും നേരിട്ട് കൊടുക്കുകയും ചെയ്തു. കൂടാതെ ഇവിടെ വന്നതിനുശേഷം മന്ത്രിസഭായോഗം ഇക്കാര്യം ചർച്ച ചെയ്തതിനുശേഷം ഇന്നയിന്ന കാരണങ്ങളാൽ ഈ ബിൽ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് ഹാനികരമാണെന്നു പറഞ്ഞുകൊണ്ടുള്ള വിശദവിവരത്തോടുകൂടിയുള്ള സംസ്ഥാനത്തിന്റെ വിയോജനക്കുറിപ്പ് രേഖാപരമായിട്ടു തന്നെ സംസ്ഥാന ഗവൺമെന്റിനുവേണ്ടി ചീഫ് സെക്രട്ടറി വഴി കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തുള്ള എല്ലാ പാർലമെന്റംഗങ്ങൾക്കും മന്ത്രിസഭ തീരുമാനിച്ചയച്ചിട്ടുള്ളതിന്റെ കോപ്പി, പാർലമെന്റിൽ ഇക്കാര്യം ചർച്ചയ്ക്ക് വരുമ്പോൾ സമീപനമെടുക്കുന്നതിന്റെ ഭാഗമായി അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. സത്യൻ മൊകേരി : കോഴിക്കോട് ജില്ലയിലെ ചാത്തൻകോട്ടുനട, പശുക്കടവ്, വിലങ്ങാട് തുടങ്ങിയ പ്രദേശങ്ങളിൽ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് ആരംഭിക്കുന്നത് സംബന്ധമായി സർവ്വേ നടത്തിയിരുന്നതാണ്. ചൈനീസ് സഹായത്തോടെ ആരംഭിക്കുന്ന പദ്ധതിയുടെ കൂട്ടത്തിൽ അത് ഉൾപ്പെടുത്തിയിട്ടുണ്ടോ ? ഇല്ലെങ്കിൽ മറ്റേതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി ഈ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ : ചൈനീസ് സഹായത്തോടെ നടപ്പിലാക്കുന്ന 18 പദ്ധതികളിൽ പതിനാലാമത്തേതാണ് ചാത്തൻകോട്ട്നട (2) 7 മെഗാവാട്ട് പദ്ധതി. 17-ാമത്തെ പദ്ധതിയാണ് വിലങ്ങാട് 8 മെഗാവാട്ട് പദ്ധതി. രണ്ടും ചൈനീസ് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ടി. എം. ജേക്കബ് : മന്ത്രി ഇവിടെപ്പറഞ്ഞ മറുപടിയിൽ ചൈനീസ് സഹായത്തോടെ ആരംഭിക്കുന്ന ചെറുകിട ജലസേചന വൈദ്യുത പദ്ധതികളിൽ 3 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം നടന്നു വരുന്നതായി സൂചിപ്പിക്കുകയുണ്ടായി. നിർമ്മാണ പ്രവർത്തനം പൂർത്തിയാകുമ്പോൾ ഇതിന് മുടക്കേണ്ടി വരുന്ന മുതലും ഈ പ്രോജക്ടിൽ ഉല്പാദിപ്പിച്ചു കിട്ടുന്ന വൈദ്യുതി വിതരണം നടത്തുമ്പോൾ വരുന്ന വിലയും തമ്മിൽ എങ്ങനെ പൊരുത്തപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. നിലവിലുള്ള താരിഫ് അനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

തന്നെ കൊടുക്കാൻ കഴിയുമോ ? ഞാൻ ഇത് ചോദിക്കാൻ കാരണം കായംകുളം താപവൈദ്യുത നിലയത്തിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വ്യഗ്രത വളരെയേറെ കാണിച്ചു. പക്ഷേ, അവിടെ ഉല്പാദിപ്പിക്കുന്ന വൈദ്യുതി വിതരണത്തിനു കൊടുക്കാൻ വലിയ ബുദ്ധിമുട്ട് ഇലക്ട്രിസിറ്റി ബോർഡ് അനുഭവിക്കുകയാണ്. കാരണം വിലയുടെ വർദ്ധനയാണ്. ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് ഈ ദുർഗ്ഗതി വരാതിരിക്കുന്നതിനുള്ള എന്തെങ്കിലും സംവിധാനം സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എസ്. ശർമ്മ : 18 പ്രോജക്ടുകളെ സംബന്ധിച്ചുള്ള പ്രൊപ്പോസൽ തന്ന അവസരത്തിൽ ഇതു സംബന്ധിച്ച് വയബിലിറ്റി സ്റ്റഡി നടത്തുകയുണ്ടായി. വയബിളാണെന്നു കണ്ടതിനെത്തുടർന്ന് കുറഞ്ഞ വിലയ്ക്കായിരിക്കും ഇലക്ട്രിസിറ്റി ലഭ്യമാക്കാൻ കഴിയുക എന്ന് അംഗീകരിക്കുകയും ചെയ്ത സാഹചര്യത്തിലാണ് പൈലറ്റ് പ്രോജക്ട് എന്നുള്ള നിലയ്ക്ക് 4 എണ്ണം ആരംഭിക്കാനും ബാക്കി വരുന്ന 14 എണ്ണം തുടർന്ന് ഏറ്റെടുത്ത് നടത്താനും നിശ്ചയിച്ചിട്ടുള്ളത്. കായംകുളം നിലയത്തിന്റെ കാര്യം പറയുകയാണെങ്കിൽ അന്ന് അത് വിഭാവനം ചെയ്യുമ്പോൾ കൽക്കരി ഉപയോഗിച്ചുള്ള പ്രോജക്ടായിരുന്നു. സോവിയറ്റ് യൂണിയന്റെ പതനത്തിന്റെ പശ്ചാത്തലത്തിൽ ആണ് അവരുടെ സഹായം നഷ്ടപ്പെട്ടത്. പിന്നീട് എൻ.ടി.പി.സി. മുന്നോട്ടുവന്നു. 1995-ൽ എൻ.ടി.പി.സി. പവർ പർച്ചേസ് എഗ്രിമെന്റ് വയ്ക്കുമ്പോൾ ഒരു ടൺ നാഫ്തയ്ക്ക് രണ്ടായിരമോ മൂവായിരമോ രൂപ മാത്രമേ വില ഉണ്ടായിരുന്നുള്ളൂ. ഇന്ധനച്ചെലവാണ് ഇലക്ട്രിസിറ്റിയുടെ വില നിർണ്ണയിക്കുന്നതിന്റെ പ്രധാന ഘടകം. താരതമ്യേന കുറഞ്ഞ വിലയ്ക്കായിരിക്കും എന്നാണ് കണക്കാക്കിയിരിക്കുന്നത്.

ശ്രീ. ജോൺ ഫെർണാണ്ടസ് : കേരളത്തിലെ ജലസ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തുമെന്ന് അങ്ങ് മറുപടി പറഞ്ഞപ്പോൾ ഇവിടെ പറഞ്ഞു. ഈ അടിസ്ഥാനത്തിലാണെങ്കിൽ കേരളത്തിൽ ഇനിയും ഉപയോഗപ്പെടുത്താൻ കഴിയുന്ന ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ബി.ഒ.ടി. അടിസ്ഥാനത്തിൽ ഗവൺമെന്റിന്റെ നിബന്ധനകൾക്ക് വിധേയമായി ജലവൈദ്യുത പദ്ധതികൾ തയ്യാറാക്കുന്നതിന് പങ്കാളികളെ കണ്ടെത്താൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. എസ്. ശർമ്മ : അതൊരു നയപരമായ പ്രശ്നമാണ്. ബി.ഒ.ടി. അടിസ്ഥാനത്തിൽ വൈദ്യുത പ്രോജക്ടുകൾ കൊടുക്കുന്നകാര്യം ഇപ്പോൾ ഗവൺമെന്റ് ചർച്ച ചെയ്തിട്ടില്ല.

ശ്രീ. പി. ജെ. ഫ്രാൻസിസ് : അങ്ങയുടെ ഉത്തരത്തിൽ പറഞ്ഞു, എച്ച്.സി. എല്ലും ഐ.എൻ.എച്ച്.പി.യുമായിട്ട് സിൽക്ക് ഒരു ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ടെന്ന്. അതിന്റെ അടിസ്ഥാനത്തിൽ ചൈനീസ് സഹായത്തോടെ ആരംഭിക്കാൻ പോകുന്ന 18 പ്രോജക്ടുകളുടെ നിർമ്മാണ പ്രവർത്തനത്തിന്റെ ചുമതല ഏൽപ്പിക്കണമെന്നോ അല്ലെങ്കിൽ ഒരു ഇംപ്ലിമെന്റിംഗ് ഏജൻസിയായി അവരെ നിയമിക്കണമെന്നോ പറഞ്ഞുകൊണ്ടുള്ള ഒരപേക്ഷ തന്നിരുന്നു. അതേപ്പറ്റി എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : സിൽക്കും എച്ച്.ഐ.സി.യുമായിട്ട് ഒരു എം.ഒ.യു. ഒപ്പ് വച്ചിട്ടുണ്ട്. ഇപ്പോൾ അവിടെ നടന്നു വരുന്ന പദ്ധതികളുടെ പണി നടത്തുന്നത് സിൽക്കാണ്. 14 പ്രോജക്ടുകൾ ഏത് ഏജൻസി നടത്തണം എന്നുള്ള കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. തീർച്ചയായിട്ടും ബഹുമാനപ്പെട്ട അംഗം പറഞ്ഞകാര്യം പരിഗണിക്കുന്നതാണ്.

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ജലവിതാനം

2 (*180) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ജലവിതാനം 142 അടിയായി ഉയർത്താമെന്ന വിദഗ്ദ്ധ സമിതിയുടെ തീരുമാനം നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സംസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന മുല്ലപ്പെരിയാർ ഡാമിന്റെ നിയന്ത്രണവും സംരക്ഷണവും തമിഴ്നാട് സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന സാഹചര്യങ്ങളിൽ ജലവിതാനം ഉയർത്താൻ തമിഴ്നാട് സർക്കാർ നടപടി സ്വീകരിച്ചാൽ അതിനെ ഏത് തരത്തിൽ നേരിടുവാനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത് ;

(സി) മുല്ലപ്പെരിയാർ ഡാമിന്റെ നിയന്ത്രണം സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഡാമുകളെ സംബന്ധിച്ചുള്ള രൂപകൽപ്പന സുരക്ഷാചട്ടങ്ങൾ അനുസരിച്ച് മുല്ലപ്പെരിയാർ ഡാമിന്റെ ജലവിതാനം ഉയർത്തുന്നത് സുരക്ഷിതമാണോ ;

(ഇ) ഇത് സംബന്ധമായി എന്തെങ്കിലും പഠനങ്ങൾ സംസ്ഥാന സർക്കാർ പ്രത്യേകമായി നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(എഫ്) അണക്കെട്ടിന്റെ പരമാവധി സമ്മർദ്ദബലം അളക്കാൻ അൾട്രാസോണിക് ശബ്ദതരംഗങ്ങൾ ഉപയോഗിച്ച് നടത്തിയ പൾസ് വെലോസിറ്റി ടെസ്റ്റ് വിജയകരമായിരുന്നുവോ ;

(ജി) കേന്ദ്ര വിദഗ്ദ്ധസംഘം ഡാമിലെ ജലവിതാനം ഉയർത്താൻ തക്കവണ്ണം ഡാം സുരക്ഷിതമാണെന്ന് പറയുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണ് ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ&ബി) ഇല്ല. കേന്ദ്ര വിദഗ്ദ്ധ സമിതിയുടെ ഈ ശുപാർശ സുപ്രീംകോടതിയിൽ സമർപ്പിക്കപ്പെടുമ്പോൾ അതിനെ എതിർത്തുകൊണ്ടുള്ള സത്യവാങ്മൂലം സമർപ്പിക്കാനാണ് കേരളം ഉദ്ദേശിക്കുന്നത്. ഏകപക്ഷീയമായ

LIBRARY ARCHIVES Kerala Legislative Assembly